കേരള സംസ്ഥാന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ,ജഗതി,തൈക്കാട് പി.ഒ,തിരുവനന്തപുരം - 695014

ഫോൺ : 0471 2468690, 2468670.

Website: www.keralacseb.kerala.gov.in, E-mail: secratery.cseb@kerala.gov.in,

പ്രസിദ്ധീകരണത്തിന്

അറിയിപ്പ്

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നടത്തുന്ന ഒ.എം.ആർ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തിയതിനു ശേഷം പ്രാഥമിക യോഗ്യതാ പട്ടിക പ്രസിദ്ധീകരിക്കാറുണ്ട്. പ്രസ്തുത യോഗ്യതാ പട്ടികയിന്മേൽ പരാതികൾ എന്തെങ്കിലും ലഭിക്കുന്ന പക്ഷം ആയതുകൂടി പരിശോധിച്ച് വ്യക്തത വരുത്തിയ ശേഷമാണ് അന്തിമ യോഗ്യതാ പട്ടിക പ്രസിദ്ധപ്പെടുത്തുന്നത്.മൂല്യനിർണ്ണയം നടത്തി പ്രാഥമിക യോഗ്യതാ പട്ടിക പ്രസിദ്ധപ്പെടുത്തുന്ന ഘട്ടത്തിൽ ഉദ്യോഗാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം അവർക്ക് ഒ.എം.ആർ ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കുവാൻ 18/10/2023-നു ചേർന്ന സഹകരണ സർവ്വീസ് പരീക്ഷാബോർഡ് യോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒ.എം.ആർ ഷീറ്റിന്റെ പകർപ്പിനായുള്ള അപേക്ഷ ഫീസ് 100/-രൂപ പരീക്ഷാ ബോർഡിന്റെ അക്കൗണ്ടിലടച്ച രേഖയും ബന്ധപ്പെട്ട പരീക്ഷയുടെ ഹാൾടിക്കറ്റിന്റെ പകർപ്പും സഹിതം അപേക്ഷകൾ ബോർഡിൽ യഥാസമയം സമർപ്പിക്കേണ്ടതാണ്.

പരീക്ഷാ കൺട്രോളർ
കേരള സംസ്ഥാന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്
തിരുവനന്തപുരം.

തിരുവനന്തപുരം
19/10/2023